# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാന ഗവണ്‍മെന്റ് വഴി നടപ്പാക്കിവരുന്ന കേന്ദ്ര പദ്ധതികള്‍</u>

T-2108 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ സംസ്ഥാന സര്‍ക്കാര്‍ വഴി നടപ്പാക്കി വരുന്ന പദ്ധതികള്‍ ഏതൊക്കെയാണെന്നും സംസ്ഥാനത്ത് അവ ഓരോന്നും ഏത് വകുപ്പ് വഴിയാണ് നടപ്പിലാക്കിവരുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര പദ്ധതികള്‍ ഓരോന്നും വഴി മുന്‍വര്‍ഷം സംസ്ഥാനത്തിന് അര്‍ഹമായതിന്റെ എത്ര ശതമാനം, സംസ്ഥാനത്ത് നേടിയെടുക്കുവാന്‍ സാധ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള കേന്ദ്ര സഹായ പദ്ധതികളില്‍, സംസ്ഥാനത്ത് നാളിതുവരെ നടപ്പിലാക്കാന്‍ സാധിക്കാതെ പോയിട്ടുള്ളവ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പദ്ധതികള്‍ സംസ്ഥാനത്ത് നടപ്പാക്കുന്നത് മോണിറ്റര്‍ ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഉണ്ടോ; എങ്കില്‍ വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്</u>

T-2109 ശ്രീ. ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനത്തെ നടത്തിപ്പ് പൊതുവിൽ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ചീഫ് സെക്രട്ടറി തലത്തിൽ നടന്ന ഏറ്റവും ഒടുവിലത്തെ അവലോകന യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(സി) കേന്ദ്രസർക്കാർ സംസ്ഥാന സർക്കാർ വഴി നടപ്പാക്കാൻ തീരുമാനിച്ച ഏതെല്ലാം പദ്ധതികളാണ് ഇപ്പോഴും സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയിട്ടില്ലാത്തത്; നടപ്പിലാക്കി വരുന്നവ ഏതെല്ലാം;

(ഡി) കേന്ദ്രപദ്ധതികൾ ഓരോന്നും വഴി മുൻ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹമായ തുകയുടെ എത്ര ശതമാനം വീതം നേടിയെടുക്കാൻ സാധിച്ചു എന്ന് പറയാമോ;

(ഇ) കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീം

2110 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീം പ്രയോജനപ്പെടുത്താൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും വാർഷിക പ്ലാനിൽ കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയ മൊത്തം തുകയും, അതിൽ സംസ്ഥാനം നേടിയെടുത്ത തുകയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) വി.ജി.എഫ്. സ്കീം അനുസരിച്ചുള്ള സഹായത്തിനായി സംസ്ഥാനം എത്ര ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ സംവിധാനം

2111 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' പി. ബി. അബ്ദുൾ റസാക്
'' പി. കെ. ബഷീർ
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറുന്ന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച പരിശോധനകൾക്ക് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ അതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ എന്തു നിയന്ത്രണ സംവിധാനമാണ് പുതുതായി ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് നഷ്ടമായ കേന്ദ്രഫണ്ടുകൾ</u>

2112 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ പാലിക്കാത്തത് മൂലവും തുക കൃത്യ സമയത്ത് ചെലവഴിക്കാത്തത് മൂലവും കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം ഫണ്ടുകളാണ് 2012-13 ൽ സംസ്ഥാനത്തിന് നഷ്ടമായതെന്ന് വിശദമാക്കാമോ;

(ബി) 2012-13 ൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകളാണ് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം</u>

2113

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ധനസംബന്ധമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തിന് എത്രത്തോളം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി എന്തെല്ലാം പരിശ്രമങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്?

**കേരള നിയമസഭ**
**18.06.2013–ലെ മറുപടിക്ക്**

<u>സാമ്പത്തിക വളർച്ചാ നിരക്ക് ഉയർത്താൻ പദ്ധതികൾ</u>

2114 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ലൂഡി ലൂയിസ്
'' പാലോട് രവി
'' പി. എ. മാധവൻ
''

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക വളർച്ചാ നിരക്ക് രണ്ടക്കത്തിലേക്ക് എത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്തെ സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിന് നടപടി

2115 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ വളർച്ചാനിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) രാജ്യത്തെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ സംസ്ഥാനത്തിന്റേതാണെന്ന വസ്തുത ശരിയാണോ; എങ്കിൽ ഇതിന് അടിസ്ഥാനമായ കാരണങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

സംസ്ഥാനത്തെ സാമ്പത്തിക വളർച്ച

2116 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലവർദ്ധനവിന്റെ ഫലമായി മാത്രം ഈ വർഷം സാമ്പത്തിക വളർച്ചയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2010–11, 2011–12, 2012–13 വർഷങ്ങളിൽ വകയിരുത്തിയതിന്റെ എത്ര ശതമാനം തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ബഡ്ജറ്റ് നിർദ്ദേശങ്ങൾ</u>

2117 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ രണ്ട് ബഡ്ജറ്റ് പ്രസംഗങ്ങളിലെ എല്ലാ നിർദ്ദേശവും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട, ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ആദ്യ രണ്ട് ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം തുകകളാണ് ചെലവഴിക്കപ്പെടാതിരുന്നതെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ 2011–12ലും 2012–13ലും പൂർണമായും ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>2012 –13 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും നേട്ടവും</u>

2118 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2012 –13 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ;

(ബി) പദ്ധതിയുടെ അടങ്കൽ എത്ര ആയിരുന്നു; പ്രതീക്ഷിച്ച കേന്ദ്ര സഹായ വർദ്ധനവ് എത്രയായിരുന്നു; യഥാർത്ഥത്തിൽ എന്തു തുക ലഭിച്ചു;

(സി) വിദേശ സഹായ പദ്ധതികൾക്കുള്ള ധനസഹായവും അധിക കേന്ദ്ര സഹായവും എത്രയായിരുന്നു; കൈവരിച്ചത് എത്ര കോടി ആണെന്ന് വ്യക്തമാക്കാമോ;

(ഡി) ഡി. എൽ. ആർ ആധാരമാക്കിയുള്ള പൊതുകടമെടുപ്പ് തുക എത്രയായിരുന്നു; നേട്ടം എത്ര കോടി; 13 –ാം ധനകാര്യകമ്മീഷന്റെ പ്രത്യേക ഗ്രാന്റുകൾ ലക്ഷ്യം എത്രയായിരുന്നു; ലഭിച്ചത് എത്ര കോടിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

2011-12, 2012-13 വര്‍ഷത്തെ പദ്ധതി പ്രവര്‍ത്തനത്തിന്റെ അവലോകനം

2119 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ ആദ്യ രണ്ട് വര്‍ഷത്തെ പദ്ധതി പ്രവര്‍ത്തനത്തിന്റെ (2011-12, 2012-13) അവലോകനത്തിന്റെയടിസ്ഥാനത്തില്‍ ലക്ഷ്യവും കോട്ടവും വിശദമാക്കാമോ;

(ബി) പദ്ധതി അടങ്കല്‍ എത്രകോടിയായിരുന്നു; ചെലവഴിക്കാന്‍ കഴിയാതെ പോയത് എത്ര കോടിയുടെ അടങ്കലായിരുന്നു;

(സി) വിദേശ സഹായത്തോടെയുള്ള പദ്ധതികളില്‍ പൂര്‍ണ്ണമായും നടപ്പിലാക്കാന്‍ സാധിക്കാതെ വന്നത് ഏതൊക്കെയായിരുന്നു; വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സഹായ പദ്ധതികളില്‍ പൂര്‍ണ്ണമായും നടപ്പിലാക്കാത്തവ ഏതൊക്കെ; വിശദമാക്കാമോ;

(ഇ) അന്‍പത് ശതമാനത്തില്‍ താഴെ മാത്രം ചെലവ് വരുത്തിയ വകുപ്പുകള്‍ ഏവ; അവയുടെ അടങ്കലും ചെലവും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കിയ പദ്ധതി തുക

2120 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ
,, പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതികൾക്കായി സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച തുകപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക ചെലവഴിച്ചു എന്നും എന്തു തുക നഷ്ടപ്പെടുത്തിയെന്നും വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ തുക ലാപ്സാക്കുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) തുക ലാപ്സാക്കുന്ന കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളും അവയുടെ റദ്ദാക്കലുകളും മൂലമുള്ള ആശയക്കുഴപ്പം കാരണമായിട്ടുണ്ടെന്നും സർക്കാർ കരുതുന്നുണ്ടോ;

(എഫ്) ആസൂത്രണക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വൈവിധ്യക്കുറവ് ഈ ദു:സ്ഥിതിക്ക് കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന് എന്ത് പ്രതിവിധിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

2012 –13 ലെ ബജറ്റ് വിഹിതം

2121 ശ്രീ.മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 –2013 സാമ്പത്തിക വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ബജറ്റ് വിഹിതം ചെലവഴിക്കാത്ത വകുപ്പുദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആർട്സ്&സയൻസ് കോളേജുകൾ

2122

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്ത് എത്ര ആർട്സ്& സയൻസ് കോളേജുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചത്;

(ബി) ഈ കോളേജുകൾ ആരംഭിക്കുമ്പോൾ ആവർത്തന-അനാവർത്തന ചെലവ് ഇനത്തിൽ ആദ്യവർഷം എത്ര തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ;

(സി) എവിടെയൊക്കെയാണ് കോളേജ് ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കുന്നംകുളം നഗരസഭയ്ക്ക് മെയിന്റനൻസ് ഫണ്ട്
വിഹിതമായി ബഡ്ജറ്റിൽ അനുവദിച്ച തുക</u>

2123 ശ്രീ.ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി മെയിന്റനൻസ് ഫണ്ട് കുന്നംകുളം നഗരസഭയ്ക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) അനുവദിച്ച തുകയിൽ നഗരസഭ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ച തുക;

(സി) വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.06.2013–ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ട് ഇനത്തിൽ കുന്നംകുളം നഗരസഭയ്ക്ക് അനുവദിച്ച തുക</u>

2124 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഫണ്ട് ഇനത്തിൽ കുന്നംകുളം നഗരസഭയ്ക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിൽ നഗരസഭ എത്ര രൂപയാണ് ചെലവഴിച്ചത്; അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ച തുക; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ യഥാർത്ഥ തുക</u>

2125 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ യഥാർത്ഥ തുക എത്രയാണെന്നു വെളിപ്പെടുത്താമോ;തീരദേശ വികസന പദ്ധതി, മത്സ്യബന്ധന ഗ്രാമങ്ങളുടെ സംയോജിത വികസനം, ശബരിമല മാസ്റ്റർ പ്ലാൻ, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കൊച്ചി മെട്രോ,തിരുവനന്തപുരം/ കോഴിക്കോട് മോണോ റെയിൽ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ. ഉൾനാടൻ ജലഗതാഗതം, മുല്ലപ്പെരിയാർ അണക്കെട്ട്, സ്മാർട്ട് സിറ്റി. ദേശീയ ജലപാത, മലയോര വികസന അതോറിറ്റി.

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായി കണക്കാക്കപ്പെട്ട തുകയുടെ എത്ര ശതമാനം വീതമാണ് വാർഷിക പദ്ധതിയിലെ വിഹിതങ്ങൾ;

(സി) ഈ പദ്ധതികൾക്കായി നാളിതുവരെ ഓരോ വർഷവും ചെലവഴിക്കപ്പെട്ട തുക എത്ര വീതം?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ കൊടുത്തു തീർക്കേണ്ട ബാധ്യത</u>

2126 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കേണ്ട മൊത്തം ബാധ്യതകളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പി. ഡബ്ള്യു. ഡി. കോൺട്രാക്ടർമാർ, ജലവിഭവ വകുപ്പിലെ കോൺട്രാക്ടർമാർ, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ലാൻഡ് അക്വിസിഷൻ തുടങ്ങി എന്തെല്ലാം ഇനത്തിൽ എത്ര തുക ഇപ്പോൾ കൊടുത്തു തീർക്കാനായി ബാക്കിയുണ്ട്; ഇവയ്ക്കെല്ലാമായി ഇപ്പോൾ ട്രഷറിയിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ആസ്തികളുടെ ശോഷണം</u>

2127 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന വായ്പകൾ ആസ്തികളായി പരിഗണിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം വായ്പകളുടെ തിരിച്ചടവിൽ ഉണ്ടാകുന്ന കുറവ് സർക്കാർ ആസ്തികളുടെ ശോഷണമാണെന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവർഗ്ഗ ജനവിഭാഗം വികസന അതോറിറ്റികളിൽ നിന്നും എടുത്ത വായ്പ എഴുതിത്തള്ളാൻ നടപടി

2128 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗത്തിൽപ്പെട്ടവരുടെ ഭവന വായ്പ എഴുതിത്തള്ളിയ ഉത്തരവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗം വികസന അതോറിറ്റികളിൽ നിന്നും എടുത്ത വായ്പയും ഉൾപ്പെടുമോ;

(ബി) ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

വകുപ്പുകളുടെ ഏകോപനത്തിലൂടെ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടി

2129 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷവും വിവിധ വകുപ്പുകളുടെ പൂർത്തീകരിക്കാത്ത പദ്ധതി/പണികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികൾ/പണികൾ പൂർത്തീയാക്കുന്നതിലുള്ള കാലതാമസം നിർമ്മാണ ചെലവ് അധികരിക്കുന്നതിന് കാരണമാകും എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കാലതാമസം വകുപ്പുകളുടെ ഏകോപനമില്ലായ്മയാണെന്ന ആക്ഷേപം നിലവിലുണ്ടോ;

(ഡി) എങ്കിൽ വകുപ്പുകളുടെ ഏകോപനത്തിലൂടെ അതാത് സാമ്പത്തിക വർഷം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം</u>

2130 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) നോൺ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പൊതുമരാമത്ത് വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

എം.എൽ.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച ഉത്തരവുകൾ

2131 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച് നാളിതുവരെയുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകൾ മലയാളത്തിലും ഇംഗ്ലീഷിലുമായി ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സങ്ങൾ ഇല്ലായെങ്കിൽ ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലവിളംബം എന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

എം. എൽ. എ. ഫണ്ടുപയോഗിച്ചുള്ള പൊതുമരാമത്ത് പണികൾ

2132 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസനത്തിനായുള്ള എം. എൽ. എ. ഫണ്ട് വഴി പൊതുമരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനു വേണ്ടി മൽസര ടെൻഡറുകൾ വഴി കരാറുകാരെ ഏല്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്റ്റിമേറ്റിൽ "കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ്" ഉൾപ്പെടാത്തതിനാൽ കരാറുകാർ വിമുഖരാകുന്നുവെന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടുപയോഗിച്ച് പുതിയ കോളേജുകൾക്ക് വാങ്ങേണ്ട സ്ഥലം</u>

2133 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി പ്രഖ്യാപിച്ച കോളേജുകൾ ആരംഭിക്കുന്നതിന്, ആസ്തി വികസന ഫണ്ടിൽ നിന്ന്, ജില്ലാ കളക്ടർമാർ മുഖേന സ്ഥലം വിലക്കെടുക്കാൻ സർക്കാർ അനുമതി നൽകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ട് പദ്ധതിപ്രകാരം കൊല്ലം ജില്ലയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

2134

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് പദ്ധതി പ്രകാരം 2012-13 വർഷം കൊല്ലം ജില്ലയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷത്തിൽ സമർപ്പിച്ചതും ഇനിയും ഭരണാനുമതി നൽകുന്നതിനായി ധനകാര്യ വകുപ്പ് ശുപാർശ ചെയ്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തിവികസനഫണ്ട് പ്രകാരം നിയമസഭാ സാമാജികർക്ക് ആകെ എത്ര പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനുള്ള കാലതാമസം**

2135 ശ്രീ. എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(സി) ഭരണാനുമതി നൽകാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് അധിക തസ്തികകൾ അനുവദിക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കരാർ നിലവിലിരുന്ന പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക്</u>

2136 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കരാർ നിലവിലിരുന്ന ഏതെങ്കിലും പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ട് എങ്കിൽ ഇത് ഏതെല്ലാമാണെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>റിവൈസ്ഡ് എസ്റ്റിമേറ്റുകൾ നൽകിയ പ്രവൃത്തികൾ</u>

2137 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കരാർ കൊടുത്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവയിൽ എത്രയെണ്ണത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റുകൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതെല്ലാമാണ് എന്നും ഇത് ഏതെല്ലാം കരാറുകാരാണ് കരാർ എടുത്തിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണം</u>

2138 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെങ്കിലും, ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പരാതി പരിഹാര കേന്ദ്രം</u>

2139 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതിദായകർ, വ്യാപാരികൾ, വ്യവസായികൾ, കർഷക സംഘടനകൾ എന്നിവരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ധനകാര്യവകുപ്പുമന്ത്രിയുടെ മേൽ നോട്ടത്തിൽ സംവിധാനം രൂപപ്പെടുത്തണമെന്ന 2011-2012 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ;

(ബി) പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്ന കേന്ദ്രം ഏതാണ്; ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്; എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്; ഫോൺ നമ്പറും ഇ.മെയിൽ ഐ. ഡി.യും ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികൾ പരിഹരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട് ധനകാര്യമന്ത്രി എത്ര വീഡിയോ കോൺഫറൻസുകൾ നടത്തിയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മണി ലെൻഡർമാരുടെ നിയന്ത്രണം, നിർവ്വഹണം</u>

2140 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മണി ലെൻഡർമാരുടെ നിയന്ത്രണം, നിർവ്വഹണം, ലൈസൻസ് നൽകൽ എന്നിവ കൈകാര്യം ചെയ്യുന്നത് ഏത് ആക്റ്റ് പ്രകാരമാണ്; പ്രസ്തുത വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മണി ലെൻഡേഴ്സിന്റെ വാർഷിക ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ്;

(സി) മണി ലെൻഡേഴ്സിന് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; നിക്ഷേപം സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത മാർഗ്ഗം വ്യക്തമാക്കാമോ;

(ഡി) നിക്ഷേപങ്ങൾക്കും ലോണുകൾക്കും പലിശ നിശ്ചയിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

എയ്ഡഡ് സ്കൂളുകളിലെ ലബോറട്ടറി ഫീസ് പി.ഡി. അക്കൗണ്ടില്‍ അടയ്ക്കുന്നതിന് അനുമതി നല്‍കാന്‍ നടപടി

2141 ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എയ്ഡഡ് കോളേജുകളിലെ ലബോറട്ടറി ഫീസ് പി. ഡി. അക്കൗണ്ടുകളില്‍ അടയ്ക്കുന്നതുപോലെ എയ്ഡഡ് സ്കൂളുകളിലെ ലബോറട്ടറി ഫീസ് പി.ഡി. അക്കൗണ്ടില്‍ അടയ്ക്കുന്നതിന് അനുമതി നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ</u>

2142 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ സർവ്വീസിലുള്ള അധ്യാപകർ മറ്റ് ജീവനക്കാർ എന്നിവർ പി.എസ്.സി മുഖേന 1.4.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവർക്ക് പങ്കാളിത്തപെൻഷൻ ബാധകമായിരിക്കുമോ എന്നത് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും സ്പഷ്ടീകരണം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം</u>

2143 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ഉദ്യോഗസ്ഥന്മാർക്കെതിരെ എത്ര കേസ്സുകൾ ധനകാര്യ വിജിലൻസ് വിഭാഗം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ദിവസവേതനക്കാരുടെ ശമ്പളം</u>

T-2144 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ ഒഴികെയുള്ളവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതു സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

ദേശീയ പെൻഷൻ പദ്ധതി

2145 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പെൻഷൻ പദ്ധതിയിലെ സർക്കാർ സെക്യൂരിറ്റി വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾ കൂടി ഉൾപ്പെടുത്താൻ പി.എഫ്.ആർ.ഡി.എ തലത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പണിമുടക്ക് ഒത്തുതീർപ്പ് വ്യവസ്ഥയിൽ ജീവനക്കാർക്ക് നല്കിയ ഉറപ്പിൽ എന്തെല്ലാം കാര്യങ്ങൾ പാലിച്ചു?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം പിരിച്ചെടുത്ത തുക</u>

2146 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏപ്രിൽ 1-ാം തീയതിക്കുശേഷം എത്ര പേരെയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുളളത്;

(ബി) സംസ്ഥാനത്ത് 2013 ഏപ്രിൽ 1ന് ശേഷം നിയമനം ലഭിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതമായി എത്ര രൂപയാണ് ഇതുവരെ പിരിച്ചെടുത്തിട്ടുളളത്;

(സി) സർക്കാർ വിഹിതമായി എത്ര രൂപയാണ് കണക്കാക്കിയി
ട്ടുളളത്?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പങ്കാളിത്തപെൻഷൻ ഫണ്ടിലേക്ക് പിടിച്ച വിഹിതം</u>

T-2147 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ഏപ്രിൽ മാസത്തെ വിഹിതം എത്ര രൂപയാണ് സർക്കാർ കോൺട്രിബ്യൂട്ടറി പെൻഷൻ ഫണ്ടിലേക്കായി പിടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ പണം എവിടെയാണ് നിക്ഷേപിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി വിശദ വിവരം

T-2148 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ 2013 ഏപ്രിൽ ഒന്നിനു ശേഷം പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ;

(ബി) ഈ ഇനത്തിൽ സംസ്ഥാനത്താകെ എത്ര തുക നിക്ഷേപി ച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

2149 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസുകാരിൽ നിന്നും പങ്കാളിത്ത പെൻഷൻ ഫണ്ട് പിടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുതായി സർവ്വീസിൽ കയറിയ സർക്കാർ ജിവനക്കാരുടെ ഏപ്രിൽ മെയ് മാസത്തെ ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷനായിട്ട് എത്ര രൂപയാണ് ഇതുവരെ പിടിച്ചത്; സർക്കാർ എത്ര രൂപ ഇതിനായി നിക്ഷേപിച്ചു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

T-2150 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1ന് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാന സർവീസിൽ ആകെ എത്ര ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ ജീവനക്കാരും പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിച്ചതിന് ആനുപാതികമായ തുക സർക്കാർ വിഹിതമായി നിക്ഷേപിച്ചിട്ടുണ്ടോയെന്നും ഏതു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നുമാണ് ഈ തുക നിക്ഷേപിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) 2013 ഏപ്രിൽ 1നു ശേഷം സർവീസിൽ പ്രവേശിച്ചവരിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതവും അതൊന്നിച്ചുള്ള സർക്കാർ വിഹിതവും ചേർത്തുള്ള തുക എവിടെ നിക്ഷേപിച്ചുവെന്നു മനസ്സിലാക്കുന്നതിനുള്ള രസീതും പാസ്സ് ബുക്കും ജീവനക്കാരനു ലഭ്യമാക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാസ്സ് ബുക്കിന്റെയും രസീതിന്റെയും ഓരോ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരം</u>

2151 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിൽ വിവിധ വകുപ്പുകൾക്കു വേണ്ടി എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കാമോ; ഇവയിൽ കാറുകളുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾക്ക് വേണ്ടി എത്ര പുതിയ കാറുകൾ, ജീപ്പുകൾ എന്നിവ വാങ്ങുന്നതിനു ധനവകുപ്പ് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

ടാക്സ് മോണിട്ടറിംഗ് സെൽ

2152 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാനും ലക്ഷ്യമിട്ടുകൊണ്ട് ടാക്സ് മോണിട്ടറിംഗ് സെൽ രൂപീകരിക്കുമെന്ന 2011–2012 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ;

(ബി) ഏത് ഉത്തരവ്പ്രകാരമാണ് പ്രസ്തുത സെൽ രൂപീകരിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സെല്ലിലെ ധനകാര്യ വിദഗ്ദർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെല്ലിന്റെ ആദ്യ മീറ്റിംഗ് എന്നാണു ചേർന്നതെന്നും ആരെല്ലാം പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ;

(ഇ) തുടർന്ന് എത്ര മീറ്റിംഗുകൾ കൂടിയിട്ടുണ്ട്;

(എഫ്) പ്രസ്തുത സെൽ നാളിതു വരെ ഗവൺമെന്റിന് എന്തെല്ലാം ശുപാർശകൾ നൽകുകയുണ്ടായെന്നും എത്ര ശുപാർശകൾ നടപ്പിലാക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ നികുതി വരുമാനം</u>

2153 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തെ മൊത്തം നികുതി വരുമാനം എത്രയായിരുന്നു;

(ബി) 2012-13 സാമ്പത്തിക വർഷത്തെ മൊത്തം നികുതി വരുമാനം എത്ര; വിശദാംശം നല്കുമോ;

(സി) സ്വർണ്ണത്തിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയ്ക്കുള്ള നികുതിയാണ് ലഭിച്ചത്; സ്വർണ്ണത്തിൽ നിന്ന് ലഭിക്കുന്ന നികുതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>നികുതി പിരിവ്</u>

2154 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം പിരിച്ചെടുത്ത ആകെ നികുതി വരുമാനം തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷത്തിൽ പ്രതീക്ഷിച്ച നികുതി വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം നികുതി വരുമാനം എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ

2155 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2012–13 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്; പ്രതീക്ഷിച്ച വർദ്ധന എത്ര ശതമാനമായിരുന്നു; ലഭിച്ച വർദ്ധന എത്ര ശതമാനം ആണ്;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുള്ള ഇനങ്ങൾ ഏതൊക്കെ; ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉൾപന്നങ്ങളുടെ വിലവർദ്ധനവിലൂടെ ലഭിച്ച അധികനികുതി</u>

2156 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ എത്ര തുകയുടെ അധികനികുതി വരുമാനം ലഭിച്ചു; വ്യക്തമാക്കാമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ നികുതി അടച്ച സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം ഇവ ഏതൊക്കെയാണെന്നും നികുതിയിനത്തിൽ എത്ര തുക അടച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നികുതിദായകർ കൂടുതലായി വരുന്ന ഭൂനികുതി, കെട്ടിടനികുതി, മോട്ടോർ വാഹന നികുതി ഈയിനത്തിൽ 2012-13 സാമ്പത്തിക വർഷം എത്ര തുകയുടെ നികുതി സമാഹരിക്കുവാൻ കഴിഞ്ഞു; തരം തിരിച്ച് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ബീഡിയിൽ നിന്നും സിഗററ്റിൽ നിന്നുമുള്ള നികുതി വരുമാനം

2157 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര രൂപയുടെ ബീഡിയും സിഗററ്റുകളുമാണ് വിറ്റഴിക്കപ്പെടുന്നത്; ഓരോന്നിന്റേയും കണക്കുകൾ പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; ഓരോ ഇനത്തിലും പ്രതിവർഷം ശരാശരി ലഭിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബീഡിക്കും സിഗററ്റിനും കേരളത്തിലും അയൽ സംസ്ഥാനങ്ങളിലുമുള്ള നികുതി നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്യുമോ; അയൽ സംസ്ഥാനങ്ങളുമായി നികുതിഘടനയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ ആയത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ബീഡിയുടെയും സിഗററ്റിന്റേയും കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം പ്രതിവർഷം ശരാശരി നികുതി വരുമാനത്തിലുള്ള കുറവ് എത്ര; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റ് വഴിയുള്ള നികുതി വരുമാനം</u>

2158 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനാതിർത്തികളിൽ ഇപ്പോൾ എത്ര സെയിൽസ് ടാക്സ് ചെക്കുപോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) 2012-13 വർഷത്തിൽ ഈ ചെക്ക് പോസ്റ്റുകൾ വഴി മൊത്തം പിരിച്ചെടുത്ത നികുതി എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) 2013-14 ൽ ഈ ചെക്ക് പോസ്റ്റുകളിലൂടെ പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>നികുതി വെട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് നടപടി</u>

2159 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ നികുതി വെട്ടിപ്പുകൾ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വൻ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>നികുതി വെട്ടിപ്പ്</u>

2160 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർണ്ണാടക അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിലൂടെയും മറ്റ് വഴികളിലൂടെയും ഇറച്ചിക്കോഴിയും മറ്റും നികുതി അടക്കാതെ വ്യാപകമായി കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടും നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

സീപ്ലെയിന്‍/മത്സ്യബന്ധന ബോട്ട് എന്നിവക്ക് ഇന്ധന നികുതിയിളവ്

2161 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീപ്ലെയിന്‍ നടത്തുന്ന സ്വകാര്യ കമ്പനിയ്ക്ക് ഇന്ധനം വാങ്ങുന്നതിന് എത്ര ശതമാനം നികുതി ഇളവ് നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ട്; ഇതു വഴി സര്‍ക്കാരിനുണ്ടാകുന്ന വാര്‍ഷിക നികുതി നഷ്ടം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) മത്സ്യത്തൊഴിലാളികള്‍ക്ക് മത്സ്യബന്ധന ബോട്ടുകള്‍ പ്രവര്‍ത്തിപ്പിക്കുന്നതിനുള്ള ഇന്ധനം വാങ്ങുന്നതിന് എത്ര ശതമാനം നികുതിയിളവാണ് നല്‍കിയിട്ടുള്ളത്; ഇത് വഴി ഖജനാവിലുണ്ടാകുന്ന നഷ്ടം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ട്രഷറി ബാലൻസ്</u>

2162 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011, 2012, 2013 വർഷങ്ങളിൽ മാർച്ച് മാസം 31–ാം തീയതിയിലെ ട്രഷറി ബാലൻസ് എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 1/7/2006 മുതൽ 31.3.2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിവിധ നികുതികളുടെ വരുമാനവും; നികുതി പിരിവിലെ വർദ്ധനയുടെ ശതമാനവും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നികുതി വരവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഓരോ സാമ്പത്തിക വർഷത്തേയും കളക്ഷനും, വരുമാനത്തിലെ വർദ്ധനവിന്റെ തോതും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

സബ്ട്രഷറികൾ അനുവദിക്കുവാൻ നടപടി

2163 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സബ്ട്രഷറികൾ അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) കാസർഗോഡ് ജില്ലയിൽ സബ്ട്രഷറികൾ അനുവദിക്കുവാൻ എം.എൽ.എ.മാർ നിവേദനം നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഇവയിൽ ഏതെല്ലാമാണ് അനുവദിച്ചത്;

(ഡി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എം.എൽ.എ. എന്നിവർ നിവേദനത്തിലൂടെ ആവശ്യപ്പെട്ടതല്ലാതെ എവിടെയെങ്കിലും സബ്ട്രഷറി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ; എന്തുകൊണ്ട്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>നൂറനാട് ട്രഷറി</u>

2164 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് ട്രഷറിയിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സബ് ട്രഷറി ബാങ്കിംഗ് ആക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പണമിടപാടുകൾ നിലവിലുള്ള ട്രഷറിയിൽ നിലനിർത്തണം എന്ന് കായംകുളം, മാവേലിക്കര മണ്ഡലത്തിൽ നിന്നുള്ള അദ്ധ്യാപകരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; ആയത് അടിയന്തിരമായി നടപ്പിലാക്കുമോ;

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലത്ത് പുതിയ ട്രഷറി സ്ഥാപിക്കാൻ നടപടി</u>

2165 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് നിർത്തലാക്കിയ ഏകാംഗ ട്രഷറിക്ക് പകരം പുതിയ ട്രഷറി സ്ഥാപിക്കാനുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അക്കൗണ്ടന്റ് തസ്തികയിൽ നിയമനം</u>

2166 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ചെറുപുഴയിൽ ആരംഭിച്ച സബ്ബ് ട്രഷറിയിൽ ആവശ്യമുള്ള അക്കൗണ്ടന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കരാറുകാർക്കുള്ള ലെറ്റർ ഓഫ് ക്രഡിറ്റ്</u>

2167 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരാറുകാർക്ക് ധനകാര്യ വകുപ്പിൽ നിന്നും നൽകുന്ന ലെറ്റർ ഓഫ് ക്രഡിറ്റിന്റെ കോപ്പി തപാൽ വഴി അതാത് ട്രഷറികളിൽ എത്തുന്നതിനുള്ള കാലതാമസം മൂലം തുക യഥാസമയം കിട്ടാത്തതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ലെറ്റർ ഓഫ് ക്രഡിറ്റിന്റെ ഉത്തരവുകൾ അതാത് ട്രഷറികളിൽ ഓൺലൈൻ വഴി നൽകുന്നതിന് നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി വകുപ്പിലെ നിയമനം</u>

2168

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എവിടെയാണ് ഭാഗ്യക്കുറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നത്;

(ബി) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഭാഗ്യക്കുറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുളള മെഷിനറിയും സ്റ്റാഫും ഉണ്ടായിട്ടും അവിടെ പ്രിന്റിംഗ് നടത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഭാഗ്യക്കുറി വകുപ്പിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടക്കുന്നുണ്ടോ; എത്ര ഒഴിവുകളിലാണ് നിയമനം നടത്തിയിട്ടുളളത്;

(ഡി) എംപ്ളോയ്മെന്റ് മുഖാന്തിരമാണോ നിയമനം നടത്തുന്നത്; എത്ര നിയമനം എംപ്ളോയ്മെന്റ് വഴി നടന്നിട്ടുണ്ട്; എംപ്ളോയ്മെന്റ് മുഖാന്തിരം അല്ലാതെ നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ എത്ര; നിയമനത്തിനുളള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി വില്‍പ്പനയുടെ വിറ്റുവരവ്</u>

2169 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012–13 സാമ്പത്തിക വര്‍ഷം വിവിധ ഭാഗ്യക്കുറി വില്‍പ്പനയിലൂടെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് എത്ര കോടി രൂപയുടെ വിറ്റ് വരവ് നടത്തുകയുണ്ടായി; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2013–14–ല്‍ മെയ് 31 വരെ എത്ര രൂപയുടെ വില്‍പ്പന ഭാഗ്യക്കുറി വകുപ്പ് നടത്തി; വിശദമാക്കുമോ;

(സി) 2012–13 സാമ്പത്തിക വര്‍ഷം ഭാഗ്യക്കുറി വകുപ്പ് എത്ര തുക നികുതിയിനത്തില്‍ സര്‍ക്കാരിലേക്ക് അടച്ചു; ആയത് 2011–12–ല്‍ എത്രയായിരുന്നു; വിശദമാക്കുമോ;

(ഡി) 2012–13 സാമ്പത്തിക വര്‍ഷം ഭാഗ്യക്കുറിയിലൂടെ എത്ര തുക ഭാഗ്യക്കുറി വകുപ്പിന് അറ്റാദായമായി ലഭിച്ചു; ആയത്
2013–14 മെയ് 31 വരെ എത്രയെന്നും ഈ കാലയളവില്‍ നികുതിയിനത്തില്‍ എത്ര തുക സര്‍ക്കാരിലേയ്ക്ക് അടച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഭാഗ്യക്കുറി സമ്മാനാർഹർക്ക് സമ്പാദ്യപദ്ധതി

2170

ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പ് സമ്മാനാർഹർക്ക് സമ്പാദ്യ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സമ്മാനതുക ഉപയോഗിച്ച് ദേശസാൽകൃത ബാങ്കുകൾ വഴി നിശ്ചിത തുക ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഭാഗ്യക്കുറി സമ്മാനാർഹരായ എല്ലാവർക്കും ഈ പദ്ധതി നിർബന്ധമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വ്യാപകമായ പ്രചരണം നൽകാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറിയുടെ വില്‍പ്പന</u>

2171 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നാളിതുവരെ കാരുണ്യാ ലോട്ടറിയിലൂടെ എന്ത് തുക വരുമാനമായി ലഭിച്ചു;

(ബി) ആയതില്‍ നിന്ന് എത്ര തുക ചികിത്സാ ധനസഹായമായി ലഭ്യമാക്കി; എത്ര പേര്‍ക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കാരുണ്യ ലോട്ടറി വഴി സര്‍ക്കാരിന് ലഭിച്ച വിറ്റു വരവ് നാളിതുവരെ എത്ര; ആയതില്‍ നിന്നും സമ്മാനമായി എന്ത് തുക നല്‍കി; എന്ത് തുക കമ്മീഷനും, ഡിസ്കൗണ്ട് ഇനത്തിനും നല്‍കി; ഫീസും നികുതിയുമൊക്കെയായി സര്‍ക്കാന്‍ ഖജനാവില്‍ എത്ര തുക അടച്ചു; വ്യക്തമാക്കുമോ;

(ഡി) കാരുണ്യാ ഡയാലിസിസ് സെന്ററുകള്‍ തുടങ്ങുന്നതിന് എത്ര തുക അനുവദിച്ചു;

(ഇ) കാരുണ്യാ ഹോമിന്റെ നിര്‍മ്മാണം ആരംഭിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; ഇതിലേയ്ക്കായി എത്ര കോടി രൂപ അനുവദിച്ചു; വ്യക്തമാക്കുമോ;

(എഫ്) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ മറവില്‍ അനധികൃത നിയമനം വ്യാപകമായി നടക്കുന്നതായി ശ്രദ്ധയില്‍ പെട്ടുവോ; എങ്കില്‍ കരാര്‍ അടിസ്ഥാനത്തില്‍ എത്ര പേരെ ഇതുവരെ നിയമിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് വഴി ചികിത്സാ സഹായമായി നൽകിയ തുക</u>

2172 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന ലാഭം മുഴുവൻ കാരുണ്യ ബനവലന്റ് ഫണ്ടിനായാണോ ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ബനവലന്റ് ഫണ്ട് വഴി ഏറ്റവും കൂടിയത് എത്ര രൂപവരെയാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

കാരുണ്യ ബെനവലന്റ് സ്കീം വ്യവസ്ഥകൾ

2173 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ഓരോ വർഷവും ചെലവഴിച്ച തുക ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) കാരുണ്യ ബെനവലന്റ് സ്കീമിലെ നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ രോഗിയുടെ വീടും കുടുംബവും അടങ്ങുന്ന ഫോട്ടോ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

**കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അനുവദിച്ച തുകയുടെ തിരിച്ചടവ്**

2174 ശ്രീ.ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടില്‍ നിന്നും എത്ര കോടി രൂപ രോഗികള്‍ക്ക് നല്‍കിയിട്ടുണ്ട്; അനുവദിക്കപ്പെടുന്ന തുക രോഗികള്‍ക്ക് ചികിത്സയ്ക്ക് പൂര്‍ണ്ണമായും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) കെ.ബി.എഫ് സഹായം ലഭ്യമായ രോഗികള്‍ ചികിത്സക്കിടെ മരണപ്പെട്ടാല്‍ തുക സര്‍ക്കാരിലേക്ക് തിരിച്ചടക്കുവാനുള്ള സംവിധാനമുണ്ടോ; തുക തിരിച്ചടക്കാതെ സാമ്പത്തിക ക്രമക്കേട് നടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; തിരിച്ചടയ്ക്കപ്പെട്ട തുകയുടെ വിശദാംശങ്ങള്‍ നല്‍കുമോ;

(സി) മെഡിക്കല്‍ കോളേജുകളില്‍ നിന്നും തിരിച്ചടക്കപ്പെട്ട തുകയുടെ വിശദാംശങ്ങള്‍ (രോഗിയുടെ പേരുള്‍പ്പെടെ) ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>മംഗലാപുരത്തെ ആശുപത്രികളിലെ ചികിത്സക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമുള്ള ചികിത്സാ സഹായം</u>

2175 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളോ, മെഡിക്കൽ കോളേജുകളോ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ആശ്രയിക്കുന്ന മംഗലാപുരത്തെ ആശുപത്രികളിലെ ചികിത്സയ്ക്ക്, കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമുള്ള ചികിത്സാ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

**എൻഡോസൾഫാൻ ബാധിതർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായം**

2176 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് 2013 ഫെബ്രുവരി 28 വരെ എത്ര രോഗികൾക്ക് എത്ര രൂപയുടെ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) കർണാടകയിലെ മംഗലാപുരത്ത് ചികിത്സ തേടുന്ന കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ രോഗികൾക്കും കർണാടക അതിർത്തിയോടടുത്ത് വസിക്കുന്ന മറ്റു രോഗികൾക്കും അവിടത്തെ ആശുപത്രികളിലൂടെ പ്രസ്തുത പദ്ധതിയുടെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിന് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ്

2177 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തുന്നതിന് പ്രത്യേകം വിഭാഗമുണ്ടോ; ആഡിറ്റിന് വിധേയമാക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങളോ, മാനദണ്ഡങ്ങളോ സ്വീകരിക്കുന്നുണ്ടോ;

(ബി) ഒരു സ്ഥാപനം ആഡിറ്റിന് തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്; 2008-09, 2009-10, 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ധനകാര്യവകുപ്പ് ആഡിറ്റ് വിങ്ങ് പരിശോധിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വർഷം തിരിച്ചുള്ള കണക്കും റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ആഡിറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക പരിശീലനവും, അടിസ്ഥാന യോഗ്യതയുമുള്ളവരെയാണോ ഇതിന് നിയോഗിച്ചിട്ടുള്ളത്; ആഡിറ്റിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ഇത്തരത്തിൽ എത്ര സ്ഥാപനങ്ങൾക്കാണ് നിർദ്ദേശങ്ങൾ നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിൽ നിന്നും ഓരോ പൊതു മേഖലാ സ്ഥാപനങ്ങളിലും ബോർഡ് ഡയറക്ടർമാരായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ചുമതലയെന്താണ്; ധനകാര്യ വിഷയങ്ങളിൽ ഇവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ പറ്റി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തെല്ലാമാണ്?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്</u>

2178 ശ്രീ. മാത്യു റ്റി തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തെ പരിശോധനയ്ക്കായി നികുതി വകുപ്പിന്റെ ഓഫീസുകളിൽ നിന്നും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയില്ല എന്ന വിമർശനത്തിനുമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) രേഖകൾ ഹാജരാക്കാതിരുന്ന ഓഫീസർമാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) 2012 മാർച്ച് 31-ലെ കണക്കു പ്രകാരം വാണിജ്യ നികുതി
വകുപ്പിലേക്ക് എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട്;

(ഡി) പൊതു ഖജനാവിലേക്ക് ലഭ്യമാകേണ്ടിയിരുന്ന കുടിശ്ശിക തുക എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. നൈപുണ്യ വികസന വായ്പ പദ്ധതി</u>

2179 ശ്രീ. എ.റ്റി. ജോർജ്
,, ഐ.സി. ബാലകൃഷ്ണൻ
,, സി.പി. മുഹമ്മദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നൈപുണ്യ വികസന വായ്പ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നത്;

(ഡി) എന്തെല്ലാം പ്രയോജനങ്ങളാണ് ഇതുവഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഇന്റ്റസ്റ്റ് സബ്‌വെൻഷൻ പദ്ധതി</u>

2180 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന ''ഇന്റ്റസ്റ്റ് സബ് വെൻഷൻ പദ്ധതി'' വിശദമാക്കാമോ;

(ബി) സംരംഭകരെ ആകർഷിക്കുന്നതിനും സ്വയം തൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിനും കെ.എഫ്.സി. വഴി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

ഓഫീസ് അറ്റന്‍ഡര്‍മാരുടെ പ്രൊമോഷന്‍ അനുപാതം

2181 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ യിലെ ഓഫീസ് അറ്റന്‍ഡര്‍മാരുടെ പ്രൊമോഷന്‍ അനുപാതം 5% ല്‍ നിന്നും 10% ആയി ഉയര്‍ത്തുന്നത് സംബന്ധിച്ച് പി.എസ്.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് അനുവദിച്ച് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) ഇവര്‍ക്ക് ജൂനിയര്‍ അസിസ്റ്റന്റുമാരായി എന്നത്തേക്ക് പ്രൊമോഷന്‍ നല്‍കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ യിലെ പെൻഷൻ സമ്പ്രദായം</u>

2182 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് പെൻഷൻ നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് തരം പെൻഷനാണ് നൽകുന്നത്;

(സി) കെ.എസ്.എഫ്.ഇ യിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കിയ മാതൃകയിൽ "കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം" നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ യുടെ ആധുനികവൽക്കരണം</u>

2183 ശ്രീമതി പി .അയിഷപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ബാങ്കിംഗ് സേവനങ്ങൾക്ക് കൂടി തയ്യാറാകത്തക്ക രീതിയിൽ കെ.എസ്.എഫ്.ഇ യിൽ നെറ്റ്വർക്കിംഗ് സംവിധാനവും
എ.ടി.എം സംവിധാനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക കാര്യത്തിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.എഫ്.ഇ യെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഇൻഷുറൻസ് പരിരക്ഷയില്ലാതെയുള്ള ലോണുകൾ</u>

T-2184 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇൻഷുറൻസ് പരിരക്ഷയില്ലാതെ ലോൺ എടുത്ത നിർദ്ധനരായ കുടുംബാംഗങ്ങൾ മരണപ്പെടുന്ന സാഹചര്യത്തിൽ ഇവരുടെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാത്തരം ലോണുകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്</u>

2185 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം ലഭിക്കുന്നതിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത സ്വകാര്യ സഹകരണ മേഖലയിൽ നിന്നുള്ള പങ്കാളിത്തത്തോട് കൂടിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം തരം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കീം കേന്ദ്ര സർക്കാർ ആരംഭിച്ചത് ഏത് തീയതി മുതലാണ് എന്നും എന്നുവരെ ഈ പദ്ധതി നിലനിൽക്കുമെന്നും അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാർ ഇതിനായി ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തിയ തുക എത്രയാണെന്നറിയാമോ എന്നും എന്ത് തുക കേരളം വിനിയോഗിക്കുകയുണ്ടായി എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കിട്ടാകടം</u>

2186 ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമേറ്റ സമയത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കിട്ടാകടം എത്രയായിരുന്നു; അധികാരം വിടുമ്പോൾ കിട്ടാകടം എത്രകണ്ട് കുറവ് വരുത്തി; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എഫ്.സിയുടെ കിട്ടാകടം എത്രായായിരുന്നു; ആയത് 2013 മെയ് 31 ആകുമ്പോൾ എത്ര; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുകയുടെ വായ്പ കെ.എഫ്.സി അനുവദിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.എഫ്.സി എത്ര തുകയുടെ വായ്പ/പലിശ ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ട്; ഒഴിവാക്കിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഇ) കെ.എഫ്.സി യിൽ ഈ സർക്കാർ വന്നശേഷം എത്ര പേരുടെ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ/ഒഴിവാക്കൽ നൽകിയിട്ടുണ്ട്; ഇപ്രകാരം എത്ര തുകയുടെ സ്റ്റേയാണ് അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) വായ്പ/പലിശ അടവിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ എത്ര തുകയ്ക്കുള്ള കേസ്സുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത കേസ്സുകൾ തീർപ്പാക്കി കെ.എഫ്.സിയുടെ പണം വസൂലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(എച്ച്) കെ.എഫ്.സിയുടെ ഇന്ററസ്റ്റ് സബ്വെൻഷൻ പദ്ധതി ലക്ഷ്യമിടുന്നത് എത്ര നിക്ഷേപകരെയാണ്; ആയതിന് സർക്കാർ തുക അനുവദിച്ചത് എത്ര കോടി; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

കെ.എഫ്.സി.യുടെ ഇൻസ്റ്റന്റ് സബ് വെൻഷൻ വായ്പ പദ്ധതി

2187 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, എം.എ.വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യുടെ ഇൻസ്റ്റന്റ് സബ്വെൻഷൻ വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളാണ് ഈ പദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് സംരംഭകർക്ക് പദ്ധതി വഴി നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

കെ.എഫ്.സി.യുടെ സ്വയം സംരംഭക മിഷൻ പദ്ധതി

2188 ശ്രീ. വർക്കല കഹാർ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യുടെ സ്വയം സംരംഭക മിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം മേഖലകളാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് സംരംഭകർക്ക് പദ്ധതി വഴി നൽകുന്നത്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരളസംസ്ഥാന സ്വയംസംരംഭക വികസനമിഷന്റെ പ്രവര്‍ത്തനപുരോഗതി</u>

2189 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മര്‍
,, സി. മോയിന്‍കുട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന സ്വയംസംരംഭക വികസന മിഷന്റെ പ്രവര്‍ത്തനപുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര സ്വയംസംരംഭകരെ തെരഞ്ഞെടുത്ത് പരിശീലനം നല്‍കിയിട്ടുണ്ട്;

(സി) ഇതുപ്രകാരം നല്‍കിയ ചെറുകിട/മൈക്രോ വ്യവസായ സംരംഭകരുടെയും അവയുടെ പ്രവര്‍ത്തനങ്ങളുടെയും വിശദവിവരം നല്‍കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംരംഭക വികസന മിഷന്റെ പ്രവര്‍ത്തനം</u>

2190 ശ്രീ.പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സംരംഭക വികസന മിഷന്‍ പദ്ധതി പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പില്‍ വ്യവസായ വകുപ്പിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രവര്‍ത്തനം വ്യാപിപ്പിയ്ക്കുന്ന കാര്യത്തില്‍ നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സ്വയം സംരംഭക മിഷൻ വായ്പാ പദ്ധതി</u>

2191 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം സംരംഭക മിഷൻ പ്രകാരം വായ്പ ലഭ്യമാക്കുന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ബാങ്കുകളെയാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര ലക്ഷം രൂപ വായ്പ അനുവദിച്ചു ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സ്വയംസംരംഭക മിഷൻ പ്രകാരം വായ്പ</u>

2192 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംസംരംഭക മിഷൻ പ്രകാരം വായ്പ ലഭിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(ബി) പരമാവധി എത്ര തുക വരെ വായ്പ ലഭ്യമാക്കും; തിരിച്ചടവ് കാലാവധി എത്ര വർഷമാണ്; വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണനയുണ്ടോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>നിയമങ്ങളുടെ ഏകീകരണവും പരിഷ്ക്കരണവും</u>

2193 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമാക്കി പരിഷ്ക്കരിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിയമ പരിഷ്കരണവുമായി ബന്ധപ്പെട്ട് മുമ്പ് നിയോഗിച്ച കമ്മിറ്റികൾ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഹോം</u>

2194 ശ്രീ. വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ഹോം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി തുടങ്ങാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനുവേണ്ട ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കൈവശാവകാശമുള്ളതും പട്ടയമില്ലാത്തതുമായ ഭൂമിയിൽ വീട് നിർമ്മാണത്തിന് ധനസഹായം</u>

2195 ശ്രീ.എ. റ്റി. ജോർജ്
'' വി.പി.സജീന്ദ്രൻ
'' വർക്കല കഹാർ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈവശാവകാശമുള്ളതും പട്ടയമില്ലാത്തതുമായ ഭൂമിയിൽ വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

2196 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ ഇപ്പോൾ ഏതൊക്കെ പദ്ധതികളാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്നും അവ എന്നു പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്തുമോ;

(സി) ഭവനനിർമ്മാണ ബോർഡിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള യോഗ്യതയും മാനദണ്ഡവും വെളിപ്പെടുത്തുമോ;

(ഡി) ഭവനനിർമ്മാണ പദ്ധതികൾക്ക് ഗുണഭോക്താവിനെ തെരെഞ്ഞെടുക്കുന്നതിന് പ്രത്യേക മുൻഗണനാക്രമം പാലിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ മുൻഗണന നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണത്തിനുള്ള വായ്പാതുക</u>

2197 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന നിർമ്മാണ ചെലവുമൂലം ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭവനനിർമ്മാണത്തിനുള്ള വായ്പാ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഭവനവായ്പകള്‍ എഴുതി തള്ളുന്നതിന് നടപടി</u>

2198 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലയളവില്‍ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരുടെയും ബി. പി. എല്‍ വിഭാഗത്തില്‍ പെട്ടവരുടെയും ഏതെല്ലാം ഭവനവായ്പകള്‍ എഴുതിത്തളളി എന്നു വ്യക്തമാക്കാമോ;

(ബി) ഭവന നിര്‍മ്മാണവായ്പകള്‍ എഴുതിത്തളളിയ പ്രസ്തുത വിഭാഗത്തില്‍പ്പെട്ടവരുടെ ഭൂമി സംബന്ധമായ രേഖകള്‍ മടക്കി നല്‍കിയിട്ടുണ്ടോ;

(സി) സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നവര്‍ക്ക് സംസ്ഥാന ഭവന നിര്‍മ്മാണ വകുപ്പിലൂടെയും ഭവന നിര്‍മ്മാണ ബോര്‍ഡിലൂടെയും ലഭിച്ച ഇത്തരത്തിലുളള വായ്പകളില്‍ ഇനിയും എഴുതിത്തളളിയിട്ടില്ലാത്തതും തിരച്ചടവ് തുടര്‍ന്നുകൊണ്ടിരിക്കുന്നതുമായവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സാഫല്യം ഭവനനിർമ്മാണ പദ്ധതി</u>

2199 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവയുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) സാഫല്യം ഭവന നിർമ്മാണ പദ്ധതിക്ക് എത്ര സ്ഥലം ബോർഡിന് ലഭ്യമായിട്ടുണ്ടെന്നും ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

റവന്യൂ ടവർ നിർമ്മാണ പരിപാടിയുടെ പ്രവർത്തന പുരോഗതി

2200 ശ്രീ.എൻ. ഷംസുദ്ദീൻ
'' റ്റി. എ. അഹമ്മദ് കബീർ
'' അബ്ദു റഹിമാൻ രണ്ടത്താണി
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള റവന്യൂ ടവർ നിർമ്മാണ പരിപാടിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ടോ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിന്റെ വിശദവിവരം നല്കാമോ;

(സി) എത്ര റവന്യൂ ടവറുകളുടെ നിർമ്മാണമാണ് ഇപ്പോൾ ബോർഡിന്റെ ചുമതലയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ഭവനരഹിതരുടെ വിവരശേഖരണം</u>

2201 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവന രഹിതരുടെ എണ്ണം എത്രയെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭവനരഹിതരായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ഭവന രഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുളളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(സി) 'സങ്കേതം' ഹൗസിങ്ങ് പദ്ധതി എന്നുമുതൽ നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഗൃഹശ്രീ ഭവനപദ്ധതി മുഖേനയുള്ള ധനസഹായം</u>

2202 ശ്രീ. എം. പി. വിൻസെന്റ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ശ്രീ. ബെന്നി ബെഹനാൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗൃഹശ്രീ ഭവന പദ്ധതി ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതി മൂലം പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

വ്യാപാരി ക്ഷേമനിധി ബോർഡ്

2203 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വ്യാപാരി ക്ഷേമനിധി ബോർഡിന്റെ കീഴിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?